ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരു വിരോധവും ഇല്ല. അതേ സംബന്ധിച്ച് ആലോചിച്ചുവരുന്നതേയുള്ളു. ബോട്ടിൽ കയറിറങ്ങുമതിചെയ്താൽ നഷ്ടം സംഭവിക്കും അല്ലെങ്കിൽ അതിൽ ജലാംശം കൊണ്ടു കേടുണ്ടാകും എന്ന ഭയമാണ്. അതൊന്നും സംഭവിക്കാതെ എങ്ങനെ ശരിയായി കൊണ്ടുപോകാം എന്നും മറ്റും കുത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുന്നു.

ഗവൺമെൻറ് പ്രസ്സുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കാരം

*720 (A) [783] ശ്രീ. വക്കം പുരുഷോത്തമൻ:
,, എം.പി. ഗംഗാധരൻ:
,, ശ്രീ. കെ. രാഘവൻ മാസ്റ്റർ:
,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് പ്രസ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നിർദ്ദേശിക്കുവാൻ സ്പെഷ്യലാഫീസറെ നിയമിക്കുന്നതിന് ഗവൺമെൻറിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്ന് തീരുമാനം ഉണ്ടാകും?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ,

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് എന്നാണെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അടുത്തകാലത്തുള്ള ശമ്പളപരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്..

ശ്രീ. ഇ. നാരായണൻ നായർ: ഗവൺമെൻറ് പ്രസ് ജീവനക്കാർക്ക് കഴിഞ്ഞ പേ റിവിഷൻ നടത്തിയപ്പോൾ എല്ലാ ആനുകൂല്യങ്ങളും കൊടുത്തിട്ടുണ്ടോ? ഏതുകാലത്താണ് അവരുടെ നിലവിലുള്ള ശമ്പളം നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ അടുത്തകാലത്തുള്ള റിവിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 146-ാം പേജിൽ ഉണ്ട് അത്.

ശ്രീ. ഇ. നാരായണൻ നായർ: പേ റിവിഷൻ നടത്തിയിട്ടുള്ളത് ഗവൺമെൻറ് ജീവനക്കാർക്കാണ്. ഗവൺമെൻറ് പ്രസ്സിൽ ഗവൺമെൻറ് ജീവനക്കാരല്ലാത്ത ഒരു വിഭാഗം ജീവനക്കാരുണ്ട്. ഗവൺമെൻറ് ജീവനക്കാരുടെ നിർവചനത്തിൽപെടാത്ത ഈ ആളുകൾക്ക് വല്ല ആനുകൂല്യവും കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയൊരു പ്രത്യേക വിഭാഗം അവിടെയില്ല. ഗവൺമെൻറ് ജീവനക്കാരല്ലാത്ത ജീവനക്കാർ ഗവൺമെൻറ് പ്രസ്സിൽ ഇല്ല.

ശ്രീ. കെ.സി. വാമദേവൻ: ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടിൽ തന്നെ, ഗവൺമെൻറ് പ്രസ് ജീവനക്കാരുടെ ജോലിയുടെ സ്വഭാവം വ്യത്യസ്തമായതുകൊണ്ട് പ്രത്യേകം സ്പെഷ്യലാഫീസറെ നിയോഗിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ? നിയോഗിക്കാമെന്ന് കോൺഫറൻസിൽ മന്ത്രി ഉറപ്പുനൽകിയിട്ടുണ്ടോ? അത് പാലിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രസ്സിലെ ജീവനക്കാരുടെ ജോലിയുടെ ഇവാല്യൂവേഷൻ നടത്തണമെന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. വാമദേവൻ: ചോദ്യം അതല്ല. ചന്ദ്രഭാനു കമ്മീഷൻ അങ്ങനെ പ്രത്യേകം അന്വേഷിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ജോലിയുടെ സ്വഭാവം പ്രത്യേകമായതുകൊണ്ട് അന്വേഷിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അന്വേഷിക്കാമെന്ന് ഏറ്റിട്ടുണ്ട്. പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: ഗവൺമെൻറ് പ്രസ് ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിൽ വളരെയധികം അപാകതകളുണ്ടായിട്ടുണ്ടെന്നും അത് പരിഹരിക്കണമെന്നും ജീവനക്കാരുടെ സംഘടന നിവേദനം വല്ലതും നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഉണ്ട്. നിവേദനത്തിനു മറുപടിയും കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. നാരായണൻ നായർ: ഗവൺമെൻറ് പ്രസ്സിൽ ഗവൺമെൻറ് ജീവനക്കാരല്ലാത്ത ആളുകളില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കമ്പോസിറ്റർ ഗവൺമെൻറ് ജീവനക്കാരനാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവൺമെൻറ് പ്രസ്സിൽ ജോലി ചെയ്യുന്നവരെല്ലാം ഗവൺമെൻറ് ജീവനക്കാരായിട്ടാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്.

ശ്രീ. ഇ.പി. ഗോപാലൻ: ഗവൺമെൻറ് പ്രസ്സിൽ ക്ലാസ്-3 വിഭാഗത്തിന്റെ ആനുകൂല്യങ്ങളും കിട്ടിയിരുന്നവരെ, ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ട് വന്നശേഷം ക്ലാസ്-4 ആക്കിയതായി നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ അപാകതകളും ഉണ്ടെന്നും പ്രത്യേകിച്ചും ഗവൺമെൻറ് പ്രസ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അപാകതകളും ഉണ്ടായിട്ടുണ്ടെന്നും നിവേദനം ലഭിച്ചിട്ടുണ്ട്. അതിനെപ്പറ്റി സമഗ്രമായ അന്വേഷണം നടത്താൻ ഡിപ്പാർട്ടുമെൻറിനു ബുദ്ധിമുട്ടുണ്ട്. ഇവാല്യൂവേഷൻ നടത്തി ശമ്പള പരിഷ്കാരവുമായി പൊരുത്തപ്പെടുത്താൻകഴിയുമോ എന്നു പരിശോധിക്കാമെന്ന് ഏറ്റിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എ. കുര്യൻ: ഗവൺമെൻറ് പ്രസ്സുകളിൽ ജോലി കൂടുതൽ വരുന്നതുകൊണ്ട് ഇപ്പോഴും സ്വകാര്യപ്രസ്സുകളെ ജോലി ഏൽപിക്കുന്നുണ്ട്. അതുകൊണ്ട് പുതിയതായി പ്രസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ് ആരംഭിക്കുന്നത് എവിടെയാണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴും ഗവൺമെൻറിനാവശ്യമുള്ള എല്ലാ പ്രിൻറിങ്ങിനും സൗകര്യമുണ്ട്. തൃക്കാക്കര പ്രസ് വന്നതോടുകൂടി വെളിയിൽ കൊടുക്കേണ്ട ആവശ്യമില്ല. പോരെങ്കിൽ 400-ാം വർഷം ആചരിക്കുന്നതിൻറെ സ്മാരകമായി കേരളത്തിൽ ഒരു പ്രസ്സുകൂടി തുടങ്ങുമെന്ന് തീരുമാനിച്ച് നടപടികളാരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: പ്രസ് ജീവനക്കാരുടെ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ച് ഒരു ലേബർ ഓഫീസറെ നിയോഗിക്കാമെന്നും യൂണിയനുകൾക്ക് കൊടുത്ത ഉറപ്പ് പാലിക്കുമെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ജോബ് ഇവാലുവേഷൻ നടത്താമെന്ന വാഗ്ദാനം പാലിക്കുമെന്നാണ് പറഞ്ഞത്. മൂന്നുപേരുടെ പേരു പറഞ്ഞു; ആദ്യത്തെ രണ്ടുപേർക്കും അസൗകര്യമാണെന്നുപറഞ്ഞു മൂന്നാമത്തെ ആളിനോട് ഏറെറടുക്കാമോ എന്നു ചോദിച്ചിരിക്കുകയാണ്. അദ്ദേഹം ഡൽഹിയിൽ പോയിരിക്കുന്നു. ഇന്നോ നാളെയോ മറുപടി കിട്ടും.

എക്സൈസ് നിയമം

* 721 [784] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് എക്സൈസ് നിയമം കർശനമായി നടപ്പാക്കിയാൽ കേരളത്തിലെ 50 ശതമാനം മദ്യ ഷോപ്പുകൾ അടച്ചിടേണ്ടതായി വരുമെന്നുള്ള ഡോക്ടർ സുശീലാ നയ്യാരുടെ അഭിപ്രായം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ മേൽപ്പറഞ്ഞ നിയമം കർശനമായി നടപ്പാക്കാൻ ഉദ്യോഗസ്ഥ സഹകരണം ഇല്ലെന്നുള്ള പരാതി ശരിയാണോ;

(സി) ഈ നിയമം കർശനമായി നടപ്പാക്കാൻ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ഗവൺമെൻറിനുള്ളത്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ,

(എ) ഇല്ല.

(ബി) ശരിയല്ല.

(സി) എക്സൈസ് നിയമം ഇപ്പോഴുംതന്നെ കർശനമായി നടപ്പാക്കുന്നുണ്ട്. അതുകൊണ്ടു നിർദ്ദേശങ്ങളുടെ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വിദ്യാലയങ്ങളിൽനിന്നും 400 മീറർ അകലെ മാത്രമേ മദ്യശാല സ്ഥാപിക്കാവൂ എന്ന നിയമം കർശനമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly